# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2310 — 23.01.2014 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ഗ്രാമവികസന ബാങ്ക് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കർഷകർക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക പുരോഗതി ലക്ഷ്യമാക്കി ഭൂവികസനം, ചെറുകിട ജലസേചനം, തോട്ടവിള കൃഷി, മൃഗ പരിപാലനം, കാർഷിക യന്ത്ര വൽക്കരണം, മത്സ്യ കൃഷി വികസനം എന്നീ ദീർഘകാല പദ്ധതികളും ഹ്രസ്വകാല കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷികേതര വയ്പയിനത്തിൽ ചെറുകിട വ്യവസായ-ഭവന നിർമ്മാണ മേഖലകളിലും കർഷകർക്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. |
| (ബി) നടപ്പ് സാമ്പത്തിക വർഷം കർഷകർക്ക് വായ്പ നൽകുന്നതിന് എത്രകോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നടപ്പ് സാമ്പത്തിക വർഷം വിവിധ വായ്പ പദ്ധതികൾ മുഖേന 1900 കോടി രൂപ വിതരണം ചെയ്യുവാൻ ബാങ്ക് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 481 കോടി രൂപ കാർഷിക വികസന പദ്ധതികൾക്ക് മാത്രമായി കർഷകർക്ക് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) കാർഷിക കാർഷികാനുബന്ധ മേഖല, ചെറുകിട വ്യവസായ മേഖല, ഗ്രാമീണ ഭവന നിർമ്മാണം, സ്വർണ്ണപ്പണയം, വാണിജ്യ വായ്പ, ഗാർഹിക ഉപഭോഗ വസ്തുക്കൾ വാങ്ങുന്നതിന്, ക്യാഷ് ക്രെഡിറ്റ് വായ്പ തുടങ്ങിയ മേഖലകളിൽ വായ്പ നൽകി വരുന്നു. |

| | | |
|---|---|---|
| (ഡി) | കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കർഷകർക്കുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ബാങ്കിന്, നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയന്റെയും, നബാർഡിന്റെയും മികച്ച കാർഷിക ഗ്രാമ വികസന ബാങ്കിനുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ